# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5953 — 30.07.2015 ൽ മറുപടിക്ക്

### തിരുവനന്തപുരം മ്യൂസിയം, ആർട്ട് ഗ്യാലറി എന്നിവയുടെ സംരക്ഷണം

ചോദ്യം — ഉത്തരം

ശ്രീ. വി. ശിവൻകുട്ടി :

ശ്രീമതി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ ഉണ്ടായിരുന്ന ഇറ്റാലിയൻ മ്യൂസിയം നശിപ്പിച്ചതും, കുളം നികത്തിയതും ആരുടെ നിർദ്ദേശപ്രകാരമാണ് ; | (എ) യും (ബി) | മ്യൂസിയം കോമ്പൗണ്ടിൽ ഇറ്റാലിയൻ മ്യൂസിയം ഇല്ലായിരുന്നു. കുളങ്ങൾ നികത്തിയിട്ടില്ല. |
| (ബി) | ഇതുമായി ബന്ധപ്പെട്ടുള്ള എല്ലാ ഉത്തരവുകളും ലഭ്യമാക്കുമോ ; | | |
| (സി) | ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം മ്യൂസിയം, മൃഗശാല, ആർട്ട് ഗ്യാലറി എന്നിവ സംരക്ഷിക്കാനും വികസിപ്പിക്കുന്നതിനും എത്ര രൂപ ചെലവഴിച്ചുവെന്നും ആയതിലൂടെ നടപ്പിലാക്കപ്പെട്ട വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ? | (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം മ്യൂസിയം, മൃഗശാലയുടെ വികസനത്തിനായി ചെലവായ തുകയും വികസന പ്രവർത്തനങ്ങളുടെ വിവരവും ചുവടെ ചേർക്കുന്നു.<br><br>2011 - 2012 - 775 ലക്ഷം<br>2012 - 2013 - 1057.94 ലക്ഷം<br>2013 - 2014 - 1175.84 ലക്ഷം<br>2014 - 2015 - 1007.48 ലക്ഷം<br>1. തിരുവനന്തപുരം മൃഗശാലയിലേയ്ക്ക് മൈസൂർ, ലക്നൗ, ഡൽഹി മൃഗശാലകളിൽ നിന്നും വെള്ളക്കടുവയുൾപ്പെടെയുള്ള പക്ഷിമൃഗാദികളെ കൈമാറ്റ വ്യവസ്ഥയിൽ എത്തിച്ചു. ശ്രീലങ്കൻ മൃഗശാലയിൽ നിന്നും 7 അനകോണ്ടകളെ കൊണ്ടു വന്നു. ഇവ ലഭ്യമായതോടെ സന്ദർശകരുടെ എണ്ണം കൂടുകയും വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാവുകയും ചെയ്തു.<br>2. പ്രശസ്ത ചിത്രകാരനായ കെ.സി.എസ് പണിക്കരുടെ പേരിലുള്ള ഗ്യാലറി നവീകരിച്ചു.<br>3. സന്ദർശകരുടെ സൗകര്യാർത്ഥം തിരുവനന്തപുരം മ്യൂസിയത്തിലെ നടപ്പാത നവീകരിച്ചു.<br>4. മ്യൂസിയം ലൈബ്രറി നവീകരിച്ചു<br>5. മ്യൂസിയത്തിന് ഇരുവശത്തുമുള്ള പൂന്തോട്ടം മോടി പിടിപ്പിച്ചു.<br>6. എൽ.ഇ.ഡി. സൗരോർജ്ജ വിളക്കുകൾ സ്ഥാപിച്ചു.<br>7. കുട്ടികളുടെ പാർക്ക് നവീകരിച്ചു.<br>8. സന്ദർശകർക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തി. |

| | | | |
|---|---|---|---|
| | | | 9. മ്യൂസിയം മൃഗശാല – ഡോക്യുമെന്ററി ഫിലിം നിർമ്മിച്ചു.<br>10. മൃഗശാല കളത്തിൽ ഫ്ളോട്ടിംഗ് ഫൗണ്ടനുകൾ സ്ഥാപിച്ചു.<br>11. മ്യൂസിയം മൃഗശാല സമുച്ചയത്തിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചു.<br>12. നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം നവീകരിച്ചു.<br>13. ഓട്ടോമാറ്റിക് ടിക്കറ്റിംഗ് കിയോസ്കുകൾ സ്ഥാപിച്ചു.<br>14. നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചു.<br>15. പാമ്പിൻ കൂട് നവീകരിച്ചു.<br>16. മൃഗശാലയിൽ വാട്ടർ റീസൈക്ളിംഗ് പ്ളാന്റ് സ്ഥാപിച്ചു.<br>17. മൃഗശാല സന്ദർശകർക്കായി ബാറ്ററി വാഹനങ്ങൾ ഏർപ്പെടുത്തി.<br>18. 3 ഡി തിയേറ്റർ സ്ഥാപിച്ചു<br>19. അനകോണ്ട, രാജവെമ്പാല എന്നിവയ്ക്കായി പുതിയ പരിബന്ധനങ്ങൾ നിർമ്മിച്ചു.<br>20. കേഴമാൻ, മലയണ്ണാൻ, കുറുക്കൻ, കഴുതപ്പുലി, നീലക്കാള എന്നിവയ്ക്കായി പുതിയ പരിബന്ധനങ്ങളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. |

Saradadevi

സെക്ഷൻ ഓഫീസർ